## സ്വയം വിലയിരുത്തൽ സമ്പ്രദായം

10 (*400) ശ്രീ. വി. ശശി :

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. കെ. രാജു :

ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ അദ്ധ്യാപകർക്ക് സ്വയം വിലയിരുത്തൽ സമ്പ്രദായം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) അദ്ധ്യാപകരുടെ സ്വയം വിലയിരുത്തലിന്റെ മാർഗ്ഗരേഖകൾ തയ്യാറായിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇത്തരം റിപ്പോർട്ടുകൾ ഭാവിയിൽ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം അടക്കമുള്ള കാര്യങ്ങൾക്ക് അടിസ്ഥാനമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബു റബ്ബ്) :

(എ) ഉണ്ട്.

(ബി) ഉണ്ട്. എൻ.സി.ഇ.ആർ.ടി. തയ്യാറാക്കി അയച്ചു തന്ന ദേശീയതലത്തിലുള്ള പിൻഡിക്സ് സൂചകങ്ങളെ കേരളീയ സാഹചര്യത്തിന് അനുസൃതമായി രൂപപ്പെടുത്തി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 2014-15 വർഷം എല്ലാ ജില്ലകളിലും 200 അദ്ധ്യാപകരിൽ മേൽ പറഞ്ഞ പിൻഡിക്സ് സൂചകങ്ങൾ ടൈ ഔട്ട് ചെയ്തു. ഈ വർഷം 14 ലക്ഷം രൂപ പദ്ധതിയിൽ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം അനുവദിച്ചിട്ടുണ്ട്. എല്ലാ അദ്ധ്യാപകർക്കും വർഷത്തിൽ ഒരു തവണ ഈ സ്വയം വിലയിരുത്തൽ സൂചകങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. ഈ സൂചകങ്ങൾ ഉപയോഗിച്ച് സ്വയം വിലയിരുത്തി അവരവരുടെ ക്ഷമത വികസിപ്പിക്കാൻ കഴിയണം.

ഉദ്ദേശ്യങ്ങൾ:

1. അദ്ധ്യാപിക/അദ്ധ്യാപകൻ തന്റെ പഠന ബോധനപ്രക്രിയയെ സൂക്ഷ്മതലത്തിൽ അവലോകനം ചെയ്യുന്നതിന്.



LIBRARY ARCHIVES Kerala Legislative Assembly

2. സ്വയം മെച്ചപ്പെടുന്നതിന് ആവശ്യമായ തനതു പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള അഭിപ്രേരണ ലഭിക്കുന്നതിന്.
3. കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനുള്ള അധിക ശ്രമങ്ങൾ ഏറ്റെടുക്കുന്നതിന്.
4. സമഗ്ര വിദ്യാലയ വികസന പ്രക്രിയയിൽ തന്റെ സ്ഥാനം തിരിച്ചറിഞ്ഞ് സ്വയം മെച്ചപ്പെടുത്തുന്നതിന്.
5. വിദ്യാലയത്തിന്റെ മൊത്തം ഗുണപരത വ്യക്തമാക്കുന്ന ഒരു രേഖയായി ഉപയോഗപ്പെടുത്തുന്നതിന്.
6. സ്കൂൾ/ക്ലസ്റ്റർ/ബ്ലോക്ക് തലങ്ങളിൽ അദ്ധ്യാപകർക്ക് ഗുണപരമായ ഫീഡ്ബാക്ക് ഏറ്റെടുക്കുന്നതിന്.

(സി) ഇല്ല.

**ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള റോഡ് വികസനം**

11 (*401) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റോഡ് വികസനം ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പരിഷ്കരിക്കുന്നതിൽ സർവ്വകാല റിക്കോർഡ് കൈവരിക്കുവാൻ കഴിഞ്ഞതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) ടൂറിസം മേഖലകളിലെയും മെട്രോ നഗരങ്ങളിലെയും റോഡുകളും ഇത്തരത്തിൽ പുനരുദ്ധരിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഘട്ടംഘട്ടമായി ബി.എം.&ബി.സി. രീതിയിൽ റോഡുകൾ പരിഷ്കരിക്കുന്നതിന് സർക്കാർ കൂടുതൽ മുൻഗണന നൽകിയതിനാലും, ഇതിനാവശ്യമായ ഫണ്ട് വകയിരുത്തിയതിനാലുമാണ് ഇക്കാര്യത്തിൽ സർവ്വകാല റെക്കോഡ് കൈവരിക്കാൻ കഴിഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly